# 116th meeting of the India-Pakistan Permanent Indus Commission

March 24, 2021

---

## ഇന്ത്യ പാകിസ്ഥാൻ സ്ഥിര ഇൻഡസ് കമ്മീഷന്റെ 116 മത് സമ്മേളനം

മാർച്ച് 24, 2021

ഇന്ത്യയിൽ നിന്നും പാകിസ്ഥാനിൽ നിന്നുമുള്ള ഇൻഡസ് കമ്മീഷണർമാർ ഉൾപ്പെടുന്ന സ്ഥിര ഇൻഡസ് കമ്മീഷന്റെ (PIC) വാർഷിക സമ്മേളനം 2021 മാർച്ച് 23-24 തിയ്യതികളിൽ ന്യൂഡൽഹിയിൽ നടന്നു. 1960 ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ ഒപ്പുവച്ച സിന്ധു ജല ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം രണ്ട് കമ്മീഷണർമാരും വർഷം തോറും ഇന്ത്യയിലും പാകിസ്ഥാനിലും മാറി മാറി കൂടിക്കാഴ്ച നടത്തേണ്ടതുണ്ട്. നിലവിലുള്ള കോവിഡ് 19 പകർച്ചവ്യാധിയുടെ സാഹചര്യം മൂലമുണ്ടായ നിയന്ത്രണങ്ങൾ കാരണം കഴിഞ്ഞ വർഷം മീറ്റിംഗ് നടത്താൻ കഴിഞ്ഞില്ല.

പക്കൽദുൽ (1000 MW), ലോവർ കൽനായി (48 MW) എന്നീ രണ്ട് ഇന്ത്യൻ പദ്ധതികളുടെ രൂപകൽപ്പനയെക്കുറിച്ച് ചർച്ച തുടർന്നു. ഈ പദ്ധതികൾ ഉടമ്പടിയിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നുണ്ടെന്നും സമർത്ഥിക്കുകയും അത് പിന്തുണയ്ക്കുന്നതിനായി സാങ്കേതിക ഡാറ്റ നൽകുകയും ചെയ്തു.

നിർമിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് ഇന്ത്യൻ ജലവൈദ്യുത പദ്ധതികളുടെ രൂപകൽപ്പന സംബന്ധിച്ച വിവരങ്ങൾ പങ്കുവെക്കാൻ പാകിസ്ഥാൻ പക്ഷം ഇന്ത്യയോട് അഭ്യർത്ഥിച്ചു. ഉടമ്പടിയിലെ വ്യവസ്ഥകൾ പ്രകാരം എപ്പോൾ വേണമെങ്കിലും വിവരങ്ങൾ നൽകുമെന്ന് ഇന്ത്യൻ വിഭാഗം ഉറപ്പ് നൽകി.
സൗഹാർദ്ദപരമായ രീതിയിലാണ് യോഗം നടന്നത്. ഉടമ്പടിയ്ക്ക് കീഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു ഉഭയകക്ഷി ചർച്ചകളിലൂടെ കൂടുതൽ തവണ ശ്രമിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത രണ്ട് കമ്മീഷണർമാരും ഊട്ടിയുറപ്പിച്ചു. പിഐസിയുടെ അടുത്ത യോഗം ഇരുരാജ്യങ്ങൾക്കും സൗകര്യപ്രദമായ തീയതികളിൽ പാക്കിസ്ഥാനിൽ വച്ചു നടത്താൻ ധാരണയായി.

**ന്യൂ ഡൽഹി**
**24 മാർച്ച് , 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.